പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1408 — 02.05.2017 ൽ മറുപടിക്ക്

## വൈക്കം, പെരുമ്പളം, പാണാവള്ളി, അരൂക്കുറ്റി പ്രദേശങ്ങളിലെ ബോട്ട് സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ് : | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) വൈക്കം, പെരുമ്പളം, പാണാവള്ളി, അരൂക്കുറ്റി എന്നിവിടങ്ങളിൽ നിന്നുള്ളവർക്ക് എറണാകുളത്ത് പോകുന്നതിനും വരുന്നതിനും ഉപകരിക്കത്തക്ക നിലയിൽ ബോട്ട് സർവ്വീസുകൾ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (എ) പാണാവള്ളി സ്റ്റേഷനിലുള്ള 6 ബോട്ടുകൾ ഉപയോഗിച്ച് നിലവിലുള്ള സർവ്വീസുകൾ മുടക്കം കൂടാതെ നടത്തി വരുന്നുണ്ട്. വൈക്കത്ത് നിന്നും എറണാകുളത്തേയ്ക്കും, തിരിച്ചും സർവ്വീസ് നടത്തുന്നതിനായി ഒരു അതിവേഗ ബോട്ടിന്റെ നിർമ്മാണം പുരോഗമിച്ച് വരികയാണ്. ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) അരൂക്കുറ്റി ജെട്ടിയിൽഹൗസ് ബോട്ട് ടെർമിനൽ ഉള്ള സാഹചര്യം കൂടി പരിഗണിച്ച് ,വൈക്കം എറണാകുളം സ്പീഡ്ബോട്ട് പ്രസ്തുത ജെട്ടിയിൽ നിർത്തി യാത്രക്കാരെ കയറ്റി കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) വൈക്കം - എറണാകുളം സ്പീഡ്ബോട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. സ്റ്റോപ്പുകൾ സംബന്ധിച്ച് തീരുമാനമായിട്ടില്ല. പണികൾ പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക്, പരിശോധിച്ച് സ്റ്റോപ്പുകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ